ത്രീയേക ദൈവത്തിനു സ്തുതി.

സെന്റ്. ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം , കുവൈറ്റ്

2013–14 വർഷത്തെ വാർഷിക റിപ്പോർട്ട്

മലങ്കര ഓർത്ത്ഡൊക്സ് സുറിയാനി സഭയുടെ ആത്മീയ പ്രസ്ഥാനമായ ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ കുവൈറ്റ് സെന്റ്. ഗ്രീഗോറിയോസ് ക്രൈസ്തവ യുവജന പ്രസ്ഥാന യൂണിറ്റ് 2013–14 പ്രവർത്തന വർഷം ഏറ്റെടുത്തു നടത്തിയ എല്ലാ പരിപാടികളും സർവ്വശക്തനായ ദൈവത്തിന്റെ  അളവറ്റ കരുണയാലും. കൃപയാലും വിജയകരമായി പൂർത്തീകരിക്കാൻ സാധിച്ചു എന്നു ഇവിടെ രേഖപ്പെടുത്തുന്നതിൽ അതിയായ സന്തോഷം ഉണ്ട്. ആയതിൽ ദൈവത്തെ നന്ദി നിറഞ്ഞ ഹൃദയത്തോടെ സ്തോത്രം ചെയ്യുന്നു. യൂണിറ്റ് പ്രസിഡന്റ് ബഹു. ജോസ് മാത്യൂ അച്ചൻ, വൈസ് പ്രസിഡന്റ് ബഹു. റജി സി വർഗ്ഗീസ് അച്ചൻ, അൽമായ വൈസ് പ്രസിഡന്റ് ശ്രീ. ജോബി ജോൺ എന്നിവരുടെ നേതൃത്വത്തിൽ 17 അംഗങ്ങൾ അടങ്ങിയ  ഭരണ സമിതി ഈ പ്രവർത്തനവർഷത്തിൽ പങ്കാളികളായി

ഭരണ സമിതി 2013–14

| | |
|---|---|
| പ്രസിഡന്റ്: | റവ. ഫാ. ജോസ് മാത്യൂ |
| ലേ വൈസ് പ്രസിഡന്റ്: | ശ്രീ. ജോബി ജോൺ |
| ട്രഷറാർ: | ശ്രീ. സാജൻ തോമസ് |
| സെക്രട്ടറി: | ശ്രീ. അബു തോമസ് ഉമ്മൻ |
| ജോ. സെക്രട്ടറി (പുരുഷൻ): | ജോബി ഈപ്പൻ ചാക്കോ (സാൽമിയ) |
| ജോ. സെക്രട്ടറി (സ്ത്രീ): | ശ്രീമതി. സീനു നൈനാൻ ജോസഫ് (ഖൈത്താൻ) |
| ഓഡിറ്റർ: | ശ്രീ. സിബു അലെക്സ് ചാക്കോ |
| കമ്മറ്റി അംഗങ്ങൾ: | |
| | ശ്രീ. ബിജോ പി. ബാബു (അബ്ബാസിയ) |
| | ശ്രീ. മനോജ് എബ്രഹാം (അബ്ബാസിയ) |
| | ശ്രീ. ജോമോൻ ജോർജ്ജ് (അബ്ബാസിയ) |
| | ശ്രീ. ജിബു ജേക്കബ് വർഗ്ഗീസ് (സാൽമിയ) |
| | ശ്രീ. സിബു എബ്രഹാം ((അബ്ബാസിയ) |
| | ശ്രീ. തോമസ് ദാനിയേൽ (അബ്ബാസിയ) |
| | ശ്രീ. ജോർജ്ജ് പോൾ (സാൽമിയ) |
| | ശ്രീമതി. എത്സി സിബു (സിറ്റി & റിഗ്ഗൈ) |

ശ്രീമതി. ഷൈനി സാറാ ജോജി (അബ്ബാസിയ)

ബജറ്റ് 2013–14

2013–14 പ്രവർത്തന വർഷത്തിൽ 4046.675 കെ.ഡി വരവും 4046.675 കെ.ഡി ചിലവും ഉള്ള കണക്ക് ശ്രീ. സാജൻ തോമസ് അവതരിപ്പിക്കുകയും 20 സെപ്തംബർ 2013 – ൽ കൂടിയ പൊതുയോഗം അത് പാസാക്കുകയും ചെയ്തു.

മീറ്റിംഗുകൾ

2013 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെയുള്ള കാലയളവിൽ 7 കമ്മറ്റി യോഗങ്ങളും, 3 ജനറൽ മീറ്റിംഗുകളും, 2 ജനറൽ ബോഡിയും കൂടുവാൻ സാധിച്ചു.

പ്രതിമാസ പ്രവർത്തനങ്ങൾ

മാസാവസാനം വരുന്ന വ്യാഴാഴ്ചകളിൽ പ്രസ്ഥാന അംഗങ്ങളുടെ ഭവനങ്ങളിൽ കൂടാതെ അബ്ബാസ്സിയ ഓഫീസ് പാഴ്സനേജിലും പ്രാർത്ഥനായോഗങ്ങൾ നടന്നു വരുന്നു. ഈ പ്രവർത്തന വർഷത്തിൽ 7 പ്രാർത്ഥനായോഗങ്ങൾ നടക്കുകയുണ്ടായി. പ്രസ്തുത യോഗങ്ങളിൽ മഹാ ഇടവക സന്ദർശിക്കാൻ എത്തുന്ന അഭി.പിതാക്കന്മാർ, വന്ദ്യ വൈദീകശ്രേഷ്ഠർ, മറ്റു വിശിഷ്ഠാതിഥികളും പ്രാർത്ഥനാ യോഗങ്ങൾക്ക് നേതൃത്വം നൽകി സംസാരിക്കുന്നു. ഇടവക മെത്രാപ്പോലീത്താ അഭി. ഡോ. ജോസഫ് മാർ ദിവന്ന്യാസിയോസ് തിരുമേനി, ഇടവകയുടെ മുൻ വികാരി ബഹു. പി.റ്റി. തോമസ് അച്ചൻ, ബഹു ഷിനോ സാം അച്ചൻ, ബഹു. വിത്സൺ മാത്യൂസ് അച്ചൻ, ബഹു ഫിലിപ്പ് തേവലക്കര അച്ചൻ, ഇടവകയുടെ ശ്രീ. സാബു ഏലിയാസ്, ശ്രീ. ഒ.വി. ജോൺസൺ എന്നിവരോടുള്ള നന്ദിയും സ്നേഹവും ഇത്തരുണത്തിൽ അറിയിക്കുന്നു.

സ്റ്റഡി ക്ലാസ്

പ്രസ്ഥാനത്തിന്റെ മൂന്ന് പ്രധാന ലക്ഷ്യങ്ങളിൽ രണ്ടാമത്തേതുമായ 'പഠനം' എന്ന ലക്ഷ്യത്തെ മുൻ നിർത്തി വി. സഭയുടെ വിശ്വാസ ആചാര, അനുഷ്ഠാനങ്ങളെക്കുറിച്ച് ക്ലാസുകൾ നടന്നുവരുന്നു. 2013–14 വർഷത്തെ പ്രസ്ഥനത്തിന്റെ അഖില മലങ്കര ചിന്താ വിഷയമായ 'പരിശുദ്ധത്മാവേ ഞങ്ങളെ പുതുക്കണമേ' എന്ന വിഷയത്തെ മുൻ നിർത്തി പഠനക്ലാസുകൾ നടത്തുവാൻ സാധിച്ചു. ക്ലാസുകൾക്ക് നേതൃത്വം നൽകിയ ബഹു. എബി എം ചാക്കോ അച്ചൻ, ബഹു. ഗീവറുഗ്ഗീസ് വള്ളിക്കാട്ടിൽ അച്ചൻ, യൂണിറ്റ് അംഗങ്ങളായ ശ്രീ. എബി മാത്യൂ, ശ്രീ. ടോണി മാത്യൂ എന്നിവരോടുള്ള നന്ദിയും സ്നേഹവും ഈ അവസരത്തിൽ അറിയിക്കുന്നു.

പ്രവർത്തനോത്ഘാടനം

കുവൈറ്റ് യുവജനപ്രസ്ഥാനത്തിന്റെ 2013–14 വർഷത്തെ പ്രവർത്തനോത്ഘാടനം 2013 ഏപ്രിൽ മാസം 2)ം തീയതി വൈകിട്ട് 7.30 ന് അബ്ബാസിയ ഓഫീസ് പാഴ്സനേജിൽ വച്ച് മലങ്കര സുറിയാനി സഭയുടെ കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത അഭി. ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമനസ്സുകൊണ്ട് ഭദ്രദീപം കൊളുത്തി നിർവ്വഹിക്കുകയും, 2013–14 വർഷത്തെ ചിന്താവിഷയമായ ''പരിശുദ്ധാത്മാവെ വന്ന് ഞങ്ങളെ പുതുക്കണമെ'' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് എടുക്കുകയും ചെയ്ത് യൂണീറ്റ് അംഗങ്ങൾക്ക് ആത്മീയ മാരിയുടെ കുളിർമ പകർന്നു.. തദവസരത്തിൽ യൂണീറ്റ് പ്രസിഡന്റ് ബഹു. ജോസ് മാത്യൂ അച്ചൻ, ഇടവക സെക്രട്ടറി ശ്രീ. അനിൽ വർഗ്ഗീസ്, ഇടവക ട്രസ്റ്റി ശ്രീ ജോൺ പി. ജോസഫ് എന്നിവർ ആശംസ അറിയിച്ചു.

രക്തദാന ക്യാമ്പ്

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഇടുക്കി ഭദ്രാസന മെത്രാപ്പോലീത്ത ആയിരുന്ന കാലം ചെയ്ത അഭി. ഔഗേൻ മാർ ദിവന്യാസിയോസ് തിരുമേനിയുടെ പാവന സ്മരണയ്ക്കായി ഈ യൂണീറ്റിന്റെ രണ്ടാമത് രക്ത ദാന ക്യാമ്പ് കുവൈറ്റ് കേന്ദ്ര രക്ത ബാങ്ക്, 28 ജൂൺ 2013 ൽ ജാബ്രിയായിൽ വച്ച് നടത്തപ്പെട്ടു. യൂണിറ്റിൽ നിന്നും 64 അംഗങ്ങൾ ഈ ക്യാമ്പിൽ പങ്കെടുത്തു.

ഗ്രീൻ കുവൈറ്റ് പ്രോജക്റ്റ്

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരിസ്ഥിതി സംരക്ഷണ നയത്തിന്റെ അടിസ്ഥാനത്തിൽ കുവൈറ്റ് മഹാ ഇടവക യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ 2010 ൽ ആരംഭം കുറിച്ച ഗ്രീൻ കുവൈറ്റ് പരിപാടി ഈ വർഷം ജൂൺ മാസം 14–)ം തീയതി വെള്ളിയാഴ്ചഎൻ.ഇ. സി. കെ അങ്കണത്തിൽ റവ. ഫാ. ഇമ്മാനുവേൽ ഗരീബ് വൃക്ഷ തൈ നട്ട് ഉത്ഘാടനം ചെയ്തു. എൻ.ഇ. സി. കെ സെക്രട്ടറി ശ്രീ.. റോയി കെ. യോഹന്നാൻ, പരിസ്ഥിതിബോധവൽക്കരണം എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിച്ചു. യൂണിറ്റ് പ്രസിഡന്റ് ബഹു. ജോസ് മാത്യൂ അച്ചൻ വൃക്ഷതൈകളുടെ ആദ്യ വിൽപന നടത്തി. യൂണീറ്റ് അംഗം ശ്രീ. എബി മാത്യൂ എഴുതിയ മരം എന്ന കവിത തദവസരത്തിൽ അവതരിപ്പിച്ചു. പ്രസ്തുത പരിപ്പാടിയിൽ പങ്കെടുത്ത ഇടവക മാനേജിംഗ് കമ്മറ്റി അംഗങ്ങൾ, ഇടവക ജനങ്ങൾ, പ്രസ്ഥാനം പ്രവർത്തകർ,കൂടാതെ ചെടികൾ കൊണ്ടുവരുന്നതിന്റെ ക്രമീകരണത്തിന് നേതൃത്വം നൽകിയ ശ്രി. സിബു അലക്സ് ചാക്കോ, ശ്രീ. ജോമോൻ ജോൺ, ശ്രീ. മനോജ് എബ്രഹാം, ശ്രീ.സിബു എബ്രഹാം, ശ്രീ. ജോമോൻ ജോർജ്ജ് എന്നിവരോടുള്ള പ്രസ്ഥാനത്തിന്റെ നന്ദി ഈ അവസരത്തിൽ അറിയിക്കുന്നു.

നോമ്പും നമസ്കാരവും (ലഘുലേഖ)

പരിശുദ്ധ സഭയുടെ അടിസ്ഥാന വിശ്വാസങ്ങളിൽ ഒന്നും. പരി. പൂർവ്വപിതാക്കന്മാർ ഭരമേൽപ്പിച്ച് പഠിപ്പിച്ചതുമായ നോമ്പ്, നമസ്കാരം ഇവയുടെ പ്രധാന്യം വിശ്വാസികളിലേയ്ക്ക് എത്തിക്കുന്നതിനും, സമയാസമയം ഇതിന്റെ പ്രധാന്യവും മറ്റ് ക്രമീകരണങ്ങളും അറിയുന്നതിനുമായി നോമ്പ്, വിശ്വാസം എന്നിവയുടെ ലഘു ചരിത്രവും, തീയതിയും അടങ്ങുന്ന 'ലഘു ലേഖ' ജൂൺ 14–ന്ന വിശുദ്ധ കുർബ്ബാനയ്ക്കു ശേഷം എൻ.ഇ. സി. കെ യിൽ വച്ച യൂണീറ്റ് പ്രസിഡന്റും ഇടവക വികാരിയുമായ ബഹു. ജോസ് മാത്യൂ അച്ചൻ ഇടവക സെക്രട്ടറി ശ്രീ. അനിൽ വർഗ്ഗീസിനു നൽകികൊണ്ട് ഉത്ഘാടനം നിർവ്വഹിച്ചു. ഈ വർഷത്തെ നോമ്പ് ലഘുലേഖ യൂണീറ്റിലെ ഒരു അംഗം തന്നെ സ്പോൺസർ ചെയ്തു സഹായിച്ചു. ആ വ്യക്തിയോടുള്ള നന്ദിയും സ്നേഹവും ഈ അവസരത്തിൽ അറിയിക്കുന്നു. ദൈവം തമ്പുരാൻ തന്റെ അദൃശ്യമായ വലതുകരം നീട്ടി അദ്ദേഹത്തേയും കുടുംബത്തേയും വാഴ്ത്തി അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

കിങ്ങിണിക്കൂട്ടം മാതൃഭാഷാ പഠനം

മലയാള ഭാഷയോടും. അതുമൂലം പരി. സഭയോടും ഉള്ള കുട്ടികളുടെ അവബോധവും ഭക്തിയും, അറിവും, സ്നേഹവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻ നിർത്തി ആഗസ്റ്റ് 3– മുതൽ 11 വരെയുള്ള ദിവസങ്ങളിൽ ഇടവകയിലെ കൊച്ചു കൂട്ടുകാരെ ഉൾപ്പെടുത്തി കിങ്ങിണിക്കൂട്ടം മാതൃഭാഷാ പഠനക്ലാസ് നടത്തിയത് കുട്ടികൾക്ക് പുത്തൻ ഉണർവ്വും ആവേശവും പകർന്നു. പ്രധാന അദ്ധ്യാപകനായി പരിപാടിയ്ക്ക് നേതൃത്വം നൽകിയ ശ്രീ. ബിജോ പി. ബാബു, അദ്ധ്യാപകരായ ശ്രീമതി. ഷൈനി സാറാ ജോജി, ശ്രീമതി. സുനിതാ വർഗ്ഗീസ്, ശ്രീ ജോജി

പി. ജോൺ, ശ്രീ. ജോമോൻ പി. ജോൺ, ശ്രീ. എബി മാത്യു, ശ്രീ. അനു വർഗ്ഗീസ്, ശ്രീ. സിബു എബ്രഹാം, ശ്രീമതി. ലിസാ മെയ്ബു, ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി. സ്ഥല സൗകര്യങ്ങൾ ഒരുക്കി തന്ന ശ്രീ. ജോജി പി. ജോണിന്റെ കുടുംബത്തോടും, ശ്രീ. സജി ചെറിയാനോടും കുടുംബത്തോടും, ദിവസേന നാടൻ ഭക്ഷണം സ്പോൺസർ ചെയ്ത എല്ലാ മാന്യവ്യക്തികളോടും, യൂണീറ്റ് അംഗങ്ങളോടും ഈ പരിപാടിയുടെ ക്രമീകരണത്തിന്റെ ആവശ്യമായ ഉപദേശങ്ങൾ നൽകിതന്ന ബഹു. ജോസ് മാത്യു അച്ചൻ, സഹ വികാരി . ബഹു. റജി സി. വർഗ്ഗീസ് അച്ചൻ, ബഹു. ഷിനോ സാം അച്ചൻ, മഹാ ഇടവക സണ്ഡേസ്കൂൾ സെക്രട്ടറി ശ്രീ. സിസിൽ ചാക്കോ, ഇടവക സെക്രട്ടറി ശ്രീ. അനിൽ വർഗ്ഗീസ്, യുവജനപ്രസ്ഥാനം മാനേജിംഗ് കമ്മറ്റി അംഗങ്ങൾ എല്ലാവരോടുമുള്ള നന്ദി ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു.

സ്വാതന്ത്ര്യദിനാഘോഷം (ഓഗസ്റ്റ് 15, 2013)

പ്രവാസി ആയി ജീവിതം നയിക്കുമ്പോഴും ഭാരത മാതാവിനോടുള്ള സ്നേഹവും, സാഹോദര്യവും ഉറക്കെ പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി ഇന്ത്യയുടെ 67–)ം സ്വാതന്ത്ര്യദിനാഘോഷം ഇടവകയുടെ ചരിത്രത്തിൽ തന്നെ ആദ്യമായി യുവജന പ്രസ്ഥാനം ഏറ്റെടുത്ത് നടത്തി. അബ്ബാസ്സിയ ഓഫീസ് പാഴ്സനേജിൽ വെച്ച് ദേശീയ പതാക ഉയർത്തുകയും പ്രതിജ്ഞ എടുക്കുകയും ചെയ്തു. പങ്കെടുത്ത എല്ലാവരോടുമുള്ള നന്ദി ഈ അവസരത്തിൽ അറിയിക്കുന്നു.

ഓണാഘോഷം 2013

നവംബർ –1 കേരള പിറവി ദിനാഘോഷവും, മാമലനാടിന്റെ മഹോത്സവമായ തിരുവോണവും സംയുക്തമായി ആഘോഷിക്കുവാൻ ഈ യൂണീറ്റിനു സാധിച്ചു.

ഹൈ ഡൈൻ ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന പ്രൗഢഗംഭീരമായ ചടങ്ങിന് ചെണ്ടമേളം, പുലിക്കളി, അത്തപ്പൂ, നാടൻ കലാപരിപാടികൾ എന്നിവ മാറ്റുകൂട്ടി. കേരളത്തനിമ വിളിച്ചറിയിക്കുന്ന ഓണസദ്യാ ആഘോഷങ്ങൾക്ക് മാറ്റ് കൂട്ടി. യൂണീറ്റ് പ്രസിഡന്റ് ബഹു. ജോസ് മാത്യു അച്ചൻ, വൈസ് പ്രസിഡന്റ് ബഹു. റജി സി വർഗ്ഗീസ് അച്ചൻ, എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. പ്രോഗ്രാം കൺ വീനർ ശ്രീ. ജിബു ജേക്കബ്, ശ്രീമതി. ഷൈനി സാറാ ജോജി, ഗെയിംസിനു നേതൃത്വം നൽകിയ ശ്രീമതി. ജിൻസി അജീഷ്, ശ്രീ. അനു വർഗ്ഗീസ്, ഗിഫ്റ്റ് സ്പോൺസർ ചെയ്ത യൂണീറ്റ് അംഗങ്ങൾ എല്ലവരോടുമുള്ള പ്രസ്ഥാനത്തിന്റെ നന്ദിയും സ്നേഹവും ഈ അവസരത്തിൽ അറിയിക്കുന്നു.

ഇടവക ആദ്യഫലപെരുന്നാൾ

നവംബർ 15–)ം തീയതി നടന്ന ഇടവകയുടെ ആദ്യഫലപ്പെരുന്നാളിൽ യൂണീറ്റ് സജീവമായി പങ്കുകൊണ്ടു. 'നിനക്കും ഒരുന്നാൾ ' എന്ന നാടകം അവതരിപ്പിക്കുകയും നാടൻ തട്ടുകടയിൽ നിന്നും രുചികരമായ നാടൻ വിഭവങ്ങൾ നൽകുന്നതിന്നു, ഗ്രീൻ കുവൈറ്റ് പ്രോജക്റ്റിന്റെ ഭാഗമായി ചെടികൾ വിൽക്കുന്നതിനും ഈ യൂണീറ്റിനു സാധിച്ചു. നാടകത്തിനു നേതൃത്വം നൽകിയ ശ്രീ. ജോബി ജോൺ, സ്റ്റേജിന്റെ ക്രമീകരണം ചെയ്ത ശ്രീ. ജോറി കുര്യൻ, ശ്രീ. ജോമോൻ ജോൺ, തട്ടുകടയ്ക്ക് നേതൃത്വം നൽകിയ ശ്രീ. തോമസ് ദാനിയേൽ, ശ്രീ. ജോമോൻ ജോർജ്ജ്, ഗ്രീൻ കുവൈറ്റ് സ്റ്റാളിനു നേതൃത്വം നൽകിയ ശ്രീ. സിബു എബ്രഹാം, ശ്രീ. ജോബി ഈപ്പൻ എന്നിവരോടും, സംഭാവന നൽകി സഹായിച്ച നല്ലവരായ എല്ലാ പ്രസ്ഥാന അംഗങ്ങളോടും, ഇടവക ആദ്യഫലപ്പെരുന്നാൾ കമ്മറ്റിയോടുമുള്ള നന്ദിയും സ്നേഹവും ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു.

ഗൾഫ് യൂത്ത്കോൺഫ്രൻസ് 2013

2013 ഒക്ടോബർ മാസം 16)ം തീയതി നടന്ന ഗൾഫ് യൂത്ത് കോൺഫ്രൻസിൽ യൂണീറ്റ് പ്രസിഡന്റ് ബഹു. ജോസ് മാത്യു അച്ചന്റെ നേതൃത്വത്തിൽ 11 അംഗങ്ങൾ ഈ യൂണീറ്റിനെ പ്രതിനിധീകരിച്ച് പങ്കെടുത്തു. ഷാർജ്ജയിൽ നടന്ന കോൺഫ്രൻസിൽ സംബന്ധിക്കുവാൻ സാധിച്ചത് ഈ യൂണീറ്റിനു മാത്രമല്ല മഹാ ഇടവകയ്ക്ക് തന്നെ ഒരു അഭിമാന നിമിഷമായിരുന്നു. യൂണീറ്റ് പ്രസിഡന്റിന്റെ യാത്രയ്ക്ക് ആവശ്യമായ കാര്യങ്ങൾ സ്പോൺസർ ചെയ്ത യൂണീറ്റ് അംഗങ്ങളോടുള്ള നന്ദിയും സ്നേഹവും ഈ അവസരത്തിൽ അറിയിച്ചു കൊള്ളുന്നു.

ചിത്ര രചന ഉപന്ന്യാസ മത്സരം.

ഡിസംബർ 13 ന് അബ്ബാസിയ സെന്റ്. ജോർജ്ജ് ചാപ്പലിൽ വെച്ച്, കാലം ചെയ്ത അഭി. പിതാക്കന്മാരുടെ നാമത്തിൽ എവറോളിംഗ് ട്രോഫിക്കായി ഇടവകയിലെ 5 വയസ്സ്മുതൽ പ്രായമുള്ള കുഞ്ഞുങ്ങളേയും മുതിർന്നവരേയും പങ്കെടുപ്പിച്ചുകൊണ്ട് ചിത്രരചനാ മത്സരവും ഉപന്ന്യാസമത്സരവും നടത്തുന്നതിനു സാധിച്ചു. നടത്തിപ്പിനു നേതൃത്വം നൽകിയ ബഹു. ജോസ് മാത്യൂസ് അച്ചനോടും, പരിപാടിയുടെ പ്രധാന ചുമതലക്കാരായ ശ്രീ. ബിജോ പി. ബാബു, ശ്രീമതി.ഷൈനി സാറാ ജോജി , കൂടാതെ ശ്രീ. മനോജ് ഇ ജോൺ, ശ്രീ അഖിൽ സാബു എന്നിവരോടുള്ള നന്ദിയും സ്നേഹവും ഈ അവസരത്തിൽ അറിയിക്കുന്നു.

ഹാഫ് ഡേ കോൺഫറൻസ് (അർദ്ധദിന സമ്മേളനം )

കുടുംബങ്ങളുടെ കെട്ടുറപ്പിനും ഭദ്രതയ്ക്കും മുൻ തൂക്കം നൽകി അബ്ബാസിയ സെന്റ്. ജോർജ്ജ് ചാപ്പലിൽ 2014 ജനുവരി 14–ന് 'റിന്യൂവൽ ഓഫ് ഫാമിലി' എന്ന വിഷയത്തെ അടിസ്ഥാനമാക്കി കോട്ടയം OMEX കൗൺസിലിംഗ് സെന്റർ ഡയറക്ടർ റ.വ. ഫാ. ജോൺസ് എബ്രഹാം നേതൃത്വം നൽകിയ ക്ലാസ് ഇടവകയിലെ വിശ്വാസ്സികൾക്കും, യുവതി യുവാക്കൾക്കും ജീവിത യാത്രയിൽ ഒരു മുതൽക്കൂട്ടായി എന്ന് പറയുന്നതിൽ സന്തോഷമുണ്ട്. അദ്ധ്യക്ഷപദം അലങ്കരിച്ച ബഹു. ജോസ് മാത്യു അച്ചൻ, പരിപാടിക്കു നേതൃത്വം നൽകിയ ശ്രീ. ഷോബിൻ കുര്യൻ എന്നിവരോടും, ബഹു. ജോൺസ് എബ്രഹാം അച്ചനോടുമുള്ള നന്ദി ഈ അവസരത്തിൽ അറിയിക്കുന്നു..

യാത്രയയപ്പ്

കഴിഞ്ഞ നാലര വർഷക്കാലം മഹാ ഇടവകയുടെ വികാരിയും, ഈ യൂണിറ്റിന്റെ പ്രസിഡന്റുമായി പ്രവർത്തിച്ച റ.വ. ഫാ. ജോസ് മാത്യുവിനും കുടുംബത്തിനും ഈ യൂണിറ്റ് സ്നേഹോഷ്മളമായ യാത്രയയപ്പ് നൽകി. യൂണിറ്റിന്റെ പാരിതോഷികം യൂണിറ്റ് ട്രഷറർ ശ്രീ. സാജൻ തോമസും മെമന്റോ യൂണിറ്റ് സെക്രട്ടറിയും ജോ. സെക്രട്ടറിയും ചേർന്ന് നൽകി. അച്ചനോടും കുടുംബത്തോടുമുള്ള യൂണിറ്റിന്റെ നന്ദി ഒരിക്കൽ കൂടി ഇവിടെ കുറിക്കട്ടെ

ധൂപ പ്രാർത്ഥന (സുലൈബിക്കാട്ട്)

പരി. സഭയുടെ ക്രമീകരണം അനുസരിച്ചു സകല വാങ്ങി പോയവരുടേയും ഓർമ്മ കഴിക്കുന്ന ആഴ്ചയായ 14 ഫെബ്രുവരി 2014 ൽ വി. കുർബ്ബനയ്ക്കു ശേഷം ബഹു. റജി സി വർഗ്ഗീസ് അച്ചന്റെ നേതൃത്വത്തിൽ സുലൈബിക്കാട്ട് ശ്മശാനത്തിൽ പ്രത്യേക ധുപപ്രാർത്ഥന നടത്തി. അതിൽ സംബന്ധിച്ച എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു. നേതൃത്വം നൽകിയ ശ്രീ. തോമസ് ദാനിയേൽ, ശ്രീ. മനോജ് എബ്രഹാം എന്നിവരോടുള്ള നന്ദി അറിയിക്കുന്നു.

## പ്രതിഷേധ യോഗം

സുപ്രീം കോടതി വിധി കാറ്റിൽ പറത്തി മലങ്കര ഓർത്തഡോക്സ് സഭയുടെ അങ്കമാലി ഭദ്രാസന ആസ്ഥാനമായ തൃക്കുന്നത്ത് സെമിനാരി യാക്കോബായ വിഭാഗത്തിന്റെ തലവൻ തോമസ് പ്രഥമൻ ബാവായുടെ നേതൃത്വത്തിൽ അതിക്രമിച്ച് കയറിയതിൽ പ്രതിഷേധിച്ച് 2014 ഫെബ്രുവരി 26–)ം തീയതി യൂണീറ്റ് പ്രതിഷേധ ദിനമായി ആചരിക്കുകയും യോഗം സംഘടിപ്പിക്കുകയും ചെയ്തു. ബഹു. റജി സി. വർഗ്ഗീസ് അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ലേ വൈസ് പ്രസിഡന്റ് എല്ലാവർക്കും സ്വാഗതം ആശംസിച്ചു. റവ.ഫാ. ഫിലിപ്പ് തരകൻ യോഗം ഉത്ഘാടനം ചെയ്തു. തുടർന്ന് മലങ്കര സഭാ മാനേജിംഗ് കമ്മറ്റി അംഗങ്ങൾ ആയ ശ്രീ. ഷാജി എബ്രഹാം, ശ്രീ. ജയ്സൺ പി. വർഗ്ഗീസ്, കൽക്കട്ട മീഡിയ കോർഡിനേറ്റർ ശ്രീ. ജെറി ജോൺ കോശി, ശ്രീ. എബി മാത്യു എന്നിവർ സംസാരിക്കുകയും യൂണീറ്റിന്റെ പ്രതിഷേധ പ്രമേയം സെക്രട്ടറി വായിക്കുകയും ശ്രീ. ബിജോ പി. ബാബു എല്ലാവർക്കും നന്ദി അറിയിക്കുകയും ചെയ്തു. യോഗത്തിൽ പങ്കെടുത്ത എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു.

## തെശുബുഹത്തോ വാർഷീക മാഗസിൻ

ഈ വർഷത്തെ മാഗസിന്റെ പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്ത എഡിറ്റോറിയൽ ബോർഡിൽ ചീഫ് എഡിറ്ററായി ശ്രീ. എബി മാത്യു വിനേയും ബോർഡ് അംഗങ്ങളായി ശ്രീ. ബിജോ പി. ബാബു, ശ്രീ. ജോജി പി. ജോൺ, ശ്രീ. ദീപ് ജോൺ, ശ്രീ. അജീഷ് തോമസ്, കൂടാതെ പുതിയ വികാരി ബഹു. രാജു തോമസ് അച്ചന്റേയും സഹവികാരി റജി സി വർഗ്ഗീസ് അച്ചന്റേയും, പ്രസ്ഥനത്തിന്റേയും, ഇടവകയുടേയും എല്ലാനല്ലവരായ പ്രസ്ഥാനത്തിന്റെ  അഭ്യുദയകാംക്ഷികളുടേയും  നല്ലവരായ സ്പോൺസർമാരുടേയും അകമഴിഞ്ഞ സഹകരണത്താൽ ഉയർപ്പ് പെരുന്നാൾ ദിനത്തിൽ വിശ്വാസി സമൂഹത്തെ സാക്ഷി നിർത്തി കൊട്ടാരക്കര, പുനലൂർ ഭദ്രാസനാധിപൻ അഭി. യൂഹാനോൻ മാർ തേവോദോറോസ് തിരുമനസ്സുകൊണ്ട് പ്രകാശനം നിർവ്വഹിച്ചു

## വാർഷീക കണക്ക്

2013–14 വർഷത്തെ യൂണീറ്റ് വാർഷീക കണക്ക് 2014 മെയ് മാസം 18 ന അബ്ബാസിയ ഓഫീസ് പാഴ്സനേജിൽ ബഹു. പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ 4096.865 കെ.ഡി വരവും 4096.865 കെ.ഡി. ചിലവുമായ കണക്ക് യൂണീറ്റ് ട്രഷറാർ ശ്രീ. സാജൻ തോമസ് യോഗത്തിൽ അവതരിപ്പിച്ചു.

## പിക്നിക്

2014 ഫെബ്രുവരി 14 അവധി ദിനത്തിൽ ക്രമീകരിച്ച വൈത്താൻ ഗാർഡൻ പിക്നിക്കും പ്രസ്ഥാനം വൈസ് പ്രസിഡന്റ് റവ. ഫാ. റജി സി വർഗ്ഗീസിന്റെ ജന്മദിനാഘോഷവും അംഗങ്ങൾക്ക് ആവേശം പകർന്നു. റവ. ഫാ. ഫിലിപ്പ് തരകൻ, ഇടവക സെക്രട്ടറി, ട്രസ്റ്റി, മാനേജിംഗ് കമ്മറ്റി അംഗങ്ങൾ എന്നിവർ കുടുംബ സമേതം പരിപാടിയിൽ പങ്കുചേർന്നു. മാതൃകാ കുടുംബമായി തിരഞ്ഞെടുത്ത ശ്രീ. അജീഷ് തോമസ്, ശ്രീമതി. ജിൻസി അജീഷ്, രണ്ടാം സമ്മാന അർഹരായ ശ്രീ. സിബു അലക്സ് ചാക്കോയേയും കുടുംബത്തേയും അനുമോദിച്ചു. പരിപാടിക്ക് ശ്രീ ജോർജ്ജ് പോൾ, ഭക്ഷണ ക്രമീകരണങ്ങൾക്ക്  ശ്രീ.  തോമസ് ദാനിയേൽ എന്നിവർ നേതൃത്വം നൽകി. പങ്കെടുത്ത എല്ലാവരോടുമുള്ള നന്ദി ഈ അവസരത്തിൽ അറിയിക്കുന്നു.

അഖണ്ഡ പ്രാർത്ഥന..

29/3/2013 ൽ ദു:ഖ വെള്ളിയാഴ്ച വൈകുന്നേരം 7 മണിമുതൽ  അബ്ബാസിയ സെന്റ്. ജോർജ്ജ് ചാപ്പലിൽ വെച്ച് ഈ യൂണീറ്റിന്റെ ആഭിമുഖ്യത്തിൽ അഖണ്ഡപ്രാർത്ഥന നടത്തി. ബഹു. ജോസ് മാത്യൂ അച്ചൻ പ്രാർത്ഥനയ്ക്ക് ആരംഭം കുറിച്ചു. നിർത്താതെയുള്ള വേദപുസ്തക പാരായണത്തിൽ യൂണീറ്റിൽ നിന്നും ഇടവകയിൽ നിന്നും ഏകദേശം എഴുപതോളം പേർ പങ്കെടുത്തു.  എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു.

യൂണീറ്റിലെ മുതിർന്ന അംഗങ്ങൾക്കുള്ള യാത്രയയപ്പ്

ഈ യൂണീറ്റിലെ 45 വയസ്സ് കഴിഞ്ഞ മുതിർന്ന അംഗങ്ങൾക്കുള്ള യാത്രയയപ്പ് ചടങ്ങ് 2014 ജനുവരി 14–)ം തീയതി അബ്ബാസിയ ഓഫീസ് പാഴ്സനേജിൽ വച്ച് ഹാഫ് ഡേ കോൺഫറൻസിനോട് ചേർന്ന് നടന്നു. മുതിർന്ന അംഗങ്ങളായ ശ്രീ. വർഗ്ഗീസ് ജോസഫ്, ശ്രീ. നൈനാൻ ജോസഫ്, ശ്രീ. വർഗ്ഗീസ് ഉമ്മൻ, ശ്രീ ഷാജി തങ്കച്ചൻ, ശ്രീ ജിജി ജോൺ മടുക്കമൂട്ടിൽ, ശ്രീമതി. സാറാമ്മ ജോൺ എന്നിവർ ബഹു. റജി സി. വർഗ്ഗീസ് അച്ചൻ, ബഹു. ജോൺസ് എബ്രഹാം അച്ചൻ ഇടവക ട്രസ്റ്റി, സെക്രട്ടറി എന്നിവരിൽ നിന്നും മെമന്റോ ഏറ്റു വാങ്ങി. ഈ യൂണീറ്റിന്റെ എല്ലാ പ്രവർത്തനങ്ങളിലും സഹകരിച്ച, എല്ലാ കൈത്തങ്ങലും നൽകി പ്രോത്സാഹിപ്പിച്ച എല്ലാവരോടുമുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു.

ഇടവക സണ്ടേസ്കൂൾ വാർഷീകം

2014 ഫെബ്രുവരി 26നു സെൻട്രൽ സ്കൂൾ അബ്ബാസിയായിൽ വെച്ച് നടന്ന ഇടവകയുടെ സണ്ടേസ്കൂൾ വാർഷിക ആഘോഷത്തിൽ ഈ യൂണീറ്റിനു ഭക്ഷണ ശാല ക്രമീകരിക്കുന്നതിനു സാധിച്ചു. അതിനു അവസരം നൽകിയ സണ്ടേസ്കൂൾ,  ഇടവക ഭാരവാഹികൾ, മാതാപിതാക്കൾ എന്നിവരോടുള്ള യൂണീറ്റിന്റെ നന്ദി അറിയിക്കുന്നു.

ഹൂദോസോ 2014

മലങ്കര സഭയ്ക്ക് അന്യം നിന്നുപോയ കൊന്തനമസ്കാരവും അതിന്റെ പ്രധാന്യവും മഹത്വവും വിശ്വാസികൾക്ക് മനസ്സിലാക്കി കൊടുക്കുന്നതിനും, സ്വയം ദൈവമുമ്പാകെ സമർപ്പിക്കുന്നതിനുമായി വലിയ നോമ്പിന്റെ പേത്രത്താദിനമായ 2014 മാർച്ച് മാസം 2–)ം തീയതി റവ. ഫാ. ഷൈജു പി. മാത്യൂ വൈസ് പ്രസിഡന്റ് റവ. ഫാ. റജി സി. വർഗ്ഗീസ് എന്നിവരുടെ സംയുക്ത നേതൃത്വത്തിൽ അബ്ബാസിയ സെന്റ്. ജോർജ്ജ് ചാപ്പലിൽ ശുബുക്കോനോ ശുശ്രൂഷയ്ക്കു ശേഷം പ്രത്യേക ഒരുക്ക ശുശ്രൂഷധ്യാനം ഹൂദോസോ 2014 എന്ന നാമത്തിൽ ഭക്തി പൂർവ്വം ക്രമീകരിക്കുവാൻ ഈ യൂണീറ്റിനു സാധിച്ചു. ഈ പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ ഒരു വേറിട്ട അനുഭവമായിരുന്നു. ഇതിന്റെ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകിയ ശ്രീ. എബി മാത്യൂവിനോടും, ഇടവക മാനേജിംഗ് കമ്മറ്റിയോടുമുള്ള നന്ദിയും സ്നേഹവും ഈ അവസരത്തിൽ അറിയിക്കുന്നു.

അനുശോചനം

യൂണീറ്റ് അംഗമായ ശ്രീ. ജോറി കുര്യന്റെ പിതാവ് ശ്രീ. സി.എം. ജോറി, ശ്രീ. സഞ്ചു തോമസിന്റെ മാതാവ് ശ്രീമതി ആനി തോമസ്, ശ്രീ. ഷൈജു ഫിലിപ്പിന്റെ ഗ്രാൻഡ് മദർ ശ്രീമതി ചിന്നമ്മ ഫിലിപ്പ്, ഇടവകാംഗമായ കുമാരി. ദീപ്തി തോമസ്, എൻ. ഇ സി കെ അഡ്മിനിസ്ട്രേറ്റർ ശ്രീ. കെ.പി. കോശിയുടെ സഹധർമ്മിണി ശ്രീമതി. സിസിലി കോശി എന്നിവരുടെ നിര്യാണത്തിൽ ഈ യൂണീറ്റ് ദു:ഖം രേഖപ്പെടുത്തുന്നു.

സ്വീകരണം. വികാരിയും സഹവികാരിയും

കുവൈറ്റ് മഹാ ഇടവകയിലെ സഹവികാരിയായും ഈ യൂണീറ്റിന്റെ വൈസ് പ്രസിഡന്റുമായി ചാർജ്ജ് എടുത്ത ബഹു. റജി സി. വർഗ്ഗീസ് അച്ചനു ഇടവക യുവജനപ്രസ്ഥാനം ഊഷ്മളമായ സ്വീകരണം നൽകി. 2014 സെപ്റ്റംബർ 20 നു നടന്ന പൊതുയോഗത്തിൽ ലേ വൈസ് പ്രസിഡന്റ് ശ്രീ. ജോബി ജോൺ സ്വഗതം ആശംസിക്കുകയും യൂണീറ്റ് സെക്രട്ടറി പൊന്നാട അണിയിക്കുകയും ചെയ്തു.

2014 ഏപ്രിൽ 3 നു നടന്ന യൂണീറ്റിന്റെ 2014–15 വർഷത്തെ തിരഞ്ഞെടുപ്പ് പൊതുയോഗത്തിൽ അന്നേ ദിവസം നാട്ടിൽ നിന്നും പുതുതായി വന്ന ഇടവകയുടെ വികാരിയും യൂണിറ്റിന്റെ പ്രസിഡന്റുമായ ബഹു. രാജു തോമസ് അച്ചനെ യൂണിറ്റ് സെക്രട്ടറി പൊന്നാട അണിയിച്ച് സ്വീകരിക്കുകയും ലേ വൈസ് പ്രസിഡന്റ് ശ്രീ. ജോബി ജോൺ സ്വാഗതം ആശംസിക്കുകയും ചെയ്തു.

കൃതജ്ഞത

ദിനം പ്രതി ബൈബിൾ വാക്യം, ജന്മദിനം, വിവാഹ വാർഷികം എന്നിവയ്ക്ക് ആശംസ അറിയിച്ചിരുന്ന ശ്രീ. ജോബി ഈപ്പൻ, ശ്രീമതി സീനു മാത്യൂ, ശ്രീ. അബു തോമസ് ഉമ്മൻ, എം പ്ലോയ്മന്റ് സെല്ലിന്റെ ചുമതല വഹിക്കുന്ന ശ്രീ. അജീഷ് തോമസ്, ഈ യൂണീറ്റിന്റെ പ്രവർത്തങ്ങൾ സദാ മാധ്യമങ്ങൾക്ക് നൽകുവാൻ സഹായിച്ച ശ്രീ. ജെറി ജോൺ കോശി, ഈ വർഷത്തെ ഓഡിറ്റർ ആയി പ്രവർത്തിച്ച ശ്രീ. സിബു അലക്സ് ചാക്കോ എന്നിവരോടുള്ള കൃതജ്ഞത ഈ അവസരത്തിൽ അറിയിക്കുന്നു.

യൂണീറ്റിന്റെ എല്ലാ പ്രവർത്തനങ്ങളിലും കൃപ ചൊരിഞ്ഞുതന്ന് ഇന്നയോളം വഴിനടത്തിയ സർവ്വശക്തനായ ദൈവത്തിനു ഈ സമയം സ്തോത്രം പറയുകയും 'മലങ്കര സഭ'' എന്ന വികാരത്തെ മനസിലേറ്റി ഇടവകയുടെ കെടാവിളക്കായി പ്രവർത്തിക്കുന്ന ഒരു പറ്റം യുവാക്കളാണ് ഈ യൂണീറ്റിന്റെ നെടുംതൂണുകൾ

ഈ പ്രസ്ഥാനത്തോട് ഈ നിമിഷം വരെ സഹകരിച്ചു പ്രവർത്തിച്ചു വരുന്ന എല്ലാ സുമനസ്സുകൾക്കും യൂണീറ്റിന്റെ ഹൃദയംഗമായ് നന്ദിയും സ്നേഹവും അറിയ്ക്കുന്നു. 2013–14 വർഷത്തെ എല്ലാ പ്രവർത്തനങ്ങളും, സംരംഭങ്ങാളും വിജയകരമായി പൂർത്തികരിക്കുവാൻ സഹായിച്ച യൂണീറ്റ് പ്രസിഡന്റ് ബഹു. രാജു തോമസ് അച്ചൻ, വൈസ് പ്രസിഡന്റ് റജി സി വർഗ്ഗീസ് അച്ചൻ, യാത്ര പറഞ്ഞ് നാട്ടിലേക്കു പോയ ബഹു. ജോസ് മാത്യൂ അച്ചൻ ഇടവക സെക്രട്ടറി ശ്രീ. അനിൽ വർഗ്ഗീസ്, ട്രസ്റ്റി ശ്രീ ജോൺ പി. ജോസഫ്, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, സഭാ മാനേജിംഗ് കമ്മറ്റി അംഗങ്ങൾ, ഭദ്രാസന മാനേജിംഗ് കമ്മറ്റി അംഗങ്ങൾ, മറ്റ് ആത്മീയ

ജീവകാരുണ്യ പ്രസ്ഥാനങ്ങളുടെ പ്രവർത്തകർ, ഒ.സി.വൈ.എം യൂണിറ്റ് അംഗങ്ങൾ, നല്ലവരായ ഇടവകാംഗങ്ങൾ, എന്നിവരോടുള്ള നന്ദിയും സ്നേഹവും ഈ അവസരത്തിൽ അറിയിക്കുന്നു.

ദൈവ മഹത്വത്തിന്റെ മണിവിളക്കായി, മലങ്കര സഭയുടെ ഊർജ്ജമായി പ്രവർത്തിക്കുന്ന കുവൈറ്റ് സെന്റ്. ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ തുടർന്നും വിജയകരമായി നടത്തപ്പെടുവാൻ പ്രാർത്ഥിക്കുകയും എല്ലാ സുമനസ്സുകളുടെ സഹകരണം ആഭ്യർത്ഥിക്കുകയും ചെയ്തുകൊണ്ട്

പരി. കന്യകമർത്ത മറിയാമിന്റേയും, ഇന്ത്യയുടെ കാവൽ പിതാവായ മാർ തോമാ ശ്ലീഹായുടേയും, മലങ്കരയുടെ പരിശുദ്ധന്മാരായ പരുമല മാർ ഗ്രീഗോറിയോസിന്റേയും, വട്ടശ്ശേരിൽ മാർ ദിവന്ന്യാസിയോസിന്റേയും ശേഷം എല്ലാ പുണ്യവാന്മാരുടേയും പുണ്യവതികളുടേയും മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട് ത്രീയേക ദൈവത്തിന്റെ തൃക്കരത്തിൽ ഈ പ്രസ്ഥാനത്തെ സമർപ്പിച്ചുകൊണ്ട് വിനയപൂർവ്വം ഈ റിപ്പോർട്ട് സമർപ്പിക്കുന്നു

എന്ന് പ്രസ്ഥാനത്തിനു വേണ്ടി

അബു തോമസ് ഉമ്മൻ

സെക്രട്ടറി 2013–14

സെന്റ്. ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം, കുവൈറ്റ്.